(ബി) 2013-ൽ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഏത്ര രൂപ യുടെ മരുന്നു ശേഖരിച്ചു എന്നും സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾ ഉൽപ്പാദിപ്പിച്ച മരുന്നുകൾ ഏത്ര തുകയ്ക്കുള്ള മരുന്ന് അതിലുൾപ്പെടുന്നു എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആരോഗ്യ വകുപ്പും ആരോഗ്യ വിദ്യാഭ്യാസ വകുപ്പും നൽകുന്ന ഇൻഡന്റ് പ്രകാരമാണ് കോർപ്പറേഷൻ ടെണ്ടർ ക്ഷണിച്ച് മരുന്നു സംഭരണം നടത്തുന്നത്. ഇതിൽ അപാകതയൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 2013-14 സാമ്പത്തിക വർഷം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മരുന്നു സംഭരിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

സ്ഥാപനം	തുക (രൂപയിൽ)
കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും മരുന്നു വാങ്ങിയത്	10,16,61,139
സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും മരുന്നു വാങ്ങിയത്	12,42,33,325
സ്വകാര്യ മേഖലയിൽ നിന്നും മരുന്നു വാങ്ങിയത്	2,44,98,16,513
ആകെ	2,67,57,10,977

അന്ധതാ നിവാരണ പ്രവർത്തനങ്ങൾ

25 (6730) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ നേത്രപരിശോധകർ ഇല്ലാത്തതി നാൽ അന്ധതാനിവാരണ പ്രവർത്തനങ്ങൾ അവതാളത്തിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഒപ്റ്റോമെട്രിസ്റ്റുകൾ ഇല്ലാത്ത സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ തസ്തിക സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) സ്കൂൾ കുട്ടികളിലെ നേത്രവൈകല്യങ്ങൾ ആരംഭത്തിലേ കണ്ടെത്തു ന്നതിനും പരിഹരിക്കുന്നതിനും സാമൂഹിക ആരോഗ്യകേന്ദ്രങ്ങളിലെല്ലാം ഒപ്റ്റോമെട്രിസ്റ്റുകളുടെ സേവനം ലഭ്യമാക്കുമോ ;

(ഡി) കേരളത്തിലെ സഞ്ചരിക്കുന്ന കണ്ണാശുപത്രികളിൽ മതിയായ വാഹനം ലഭ്യമാണോ ; സഞ്ചരിക്കുന്ന കൂടുതൽ കണ്ണാശുപത്രികൾ ആരംഭിക്കുമോ ; വിശദാംശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ നേത്ര പരിശോധകരുടെ കുറവ് മൂലം അന്ധതാനിവാരണ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിട്ടതായുള്ള പരാതികൾ ലഭിച്ചിട്ടില്ല. സംസ്ഥാനത്ത് നേത്രപരിശോധന വിഭാഗം നിലവിലുള്ള സി.എച്ച്.സി.കളിൽ ഭൂരിഭാഗത്തിലും നേത്രപരിശോധകരെ നിയമിച്ചിട്ടുണ്ട്.

(ബി) സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ഒപ്റ്റോമെട്രിസ്റ്റ് തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) സംസ്ഥാനത്തെ ഭൂരിഭാഗം സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും നിലവിൽ ഒപ്റ്റോമെട്രിസ്റ്റുകളുടെ സേവനം ലഭ്യമാണ്.

(ഡി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സഞ്ചരിക്കുന്ന കണ്ണാശുപത്രികൾ നിലവിലുണ്ട്. മൊബൈൽ യൂണിറ്റുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള വാഹനങ്ങളും ലഭ്യമാണ്.

2014-15 വാർഷിക ബഡ്ജറ്റിൽ ഉൾപ്പെടുത്തി ആരോഗ്യ വകുപ്പ് കൊല്ലം ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികൾ

26 (6731) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 വാർഷിക ബഡ്ജറ്റിൽ ഉൾപ്പെടുത്തി ആരോഗ്യവകുപ്പ് കൊല്ലം ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തി ആരോഗ്യവകുപ്പ് കൊല്ലം ജില്ലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2014-15 വാർഷിക ബഡ്ജറ്റിൽ ഉൾപ്പെടുത്തി ആരോഗ്യ വകുപ്പ് കൊല്ലം ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികൾ അനുബന്ധം-1 ആയി ചേർക്കുന്നു.*

(ബി) മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തി ആരോഗ്യവകുപ്പ് കൊല്ലം ജില്ലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly